# കേരള സർവകലാശാല

നം.പി.ആർ.151/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം 2018.
### നാലാം ഘട്ട അലോട്ട്മെന്റ് 07.07.2018 വരെ കോളേജുകളിൽ പ്രവേശനം നേടാം.

2018–19 അദ്ധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള നാലാം ഘട്ട അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് 07.07.2018 വരെ കോളേജുകളിൽ പ്രവേശനം നേടാം. നാലാം ഘട്ട അലോട്ട്മെന്റിൽ ഹയർ ഓപ്ഷനിൽ പ്രവേശനം ലഭിച്ചവർ ഇപ്പോൾ പഠിക്കുന്ന കോളേജിൽ നിന്നും ടി.സി വാങ്ങി പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ 07.07.2018 നകം പ്രവേശനം നേടണം. ഇപ്പോൾ ലഭിച്ചിരിക്കുന്ന അലോട്ട്മെന്റിൽ തൃപ്തരാണങ്കിൽ ഹയർ ഓപ്ഷനുകൾ 07.07.2018 വൈകിട്ട് 5 – മണിക്കകം ക്യാൻസൽ ചെയ്യണം. അല്ലാത്ത പക്ഷം അടുത്ത അലോട്ട്മെന്റിൽ ഹയർ ഓപ്ഷൻ ലഭിക്കുന്ന കോളേജിൽ പ്രവേശനം സ്വീകരിക്കേണ്ടതായി വരും.

## ടൈംടേബിൾ

വിദൂര വിദ്യാഭ്യാസ വിഭാഗം 2018 സെപ്റ്റംബർ 6 ാം തീയതി മുതൽ നടത്തുന്ന നാലാം സെമസ്റ്റർ എം.ബി.എ സപ്ലിമെന്ററി പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിൽ.

ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ജൂലൈ 26 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ, ആഗസ്റ്റ് 8 ന് ആരംഭിക്കുന്ന പത്താം സെമസ്റ്റർ പരീക്ഷാ ടൈംടേബിളുകൾ വെബ്സൈറ്റിൽ.

## ബി.എഡ് അഡ്മിഷൻ

കേരള സർവകലാശാലയുടെ കീഴിലുള്ള ബി.എഡ് ട്രെയിനിംഗ് കോളേജുകളിലും, കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനുകളിലും 2018–19 അദ്ധ്യയന വർഷത്തെ ബി.എഡ് കോഴ്സിലേയ്ക്ക് ഒഴിവുള്ള സീറ്റുകളിൽ ജൂലൈ 9,10 തീയതികളിൽ സ്പോട്ട് അഡ്മിഷൻ അതതു കോളേജുകളിൽ നടത്തുന്നതാണ്. അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി രാവിലെ 10 മണിക്കു മുൻപായി അതാതു കോളേജുകളിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

## പരീക്ഷാഫീസ്

2018 ആഗസ്റ്റ് മാസം 3 ാം തീയതി ആരംഭിക്കുന്ന അവസാന വർഷ ബി.ഡി.എസ് പാർട്ട് II (സപ്ലിമെന്ററി–2008 സ്കീം) പരീക്ഷയ്ക്ക് പിഴ കൂടാതെ ജൂലൈ 17 വരെയും 50 രൂപ പിഴയോടുകൂടി ജൂലൈ 19 വരെയും 125 രൂപ പിഴയോടുകൂടി ജൂലൈ 21 വരെയും ഫീസ് അടയ്ക്കാവുന്നതാണ്.

2018 ആഗസ്റ്റ് 3 ാം തീയതി ആരംഭിക്കുന്ന രണ്ടാം വർഷ ബി.ഫാം (സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴ കൂടാതെ ജൂലൈ 11 വരെയും 50 രൂപ പിഴയോട് കൂടി ജൂലൈ 13 വരെയും 125 രൂപ പിഴയോട് കൂടി ജൂലൈ 17 വരെയും ഫീസ് അടയ്ക്കാവുന്നതാണ്.

## പരീക്ഷാഫലം

2018 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.പി.എ (വീണ/വോക്കൽ/വയലിൻ/മൃദംഗം/ഡാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാകേന്ദ്രങ്ങൾ

ജൂലൈ 13 ന് തുടങ്ങുന്ന ബി.എസ്.സി (ആന്വൽ സ്കീം) പാർട്ട് I,II,III സ്റ്റാറ്റിസ്റ്റിക്സ് & അക്കൗണ്ടിംഗ് സബ്സിഡിയറി വിഷയങ്ങളുടെ പരീക്ഷയ്ക്ക് തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജ്, കൊല്ലം ടി.കെ.എം കോളേജ് ഓഫ് ആർട്സ് & സയൻസ്, ആലപ്പുഴ എസ്.ഡി കോളേജ് എന്നിവ മാത്രമായിരിക്കും പരീക്ഷാകേന്ദ്രങ്ങൾ.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, ഗവൺമെന്റ് സംസ്കൃത കോളേജ്, ചെമ്പഴന്തി എസ്.എൻ കോളേജ്, ധനുവച്ചപുരം വി.റ്റി.എം. എൻ.എസ്.എസ് കോളേജ് എന്നിവിടങ്ങൾ പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ചവർ തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതേണ്ടതാണ്.

കൊല്ലം എസ്.എൻ കോളേജ്, പുനലൂർ എസ്.എൻ കോളേജ്, കായംകുളം എം.എസ്.എം കോളേജ്, ശാസ്താംകോട്ട ഡി.ബി. കോളേജ്, കൊല്ലം ഫാത്തിമ മാതാ കോളേജ് എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം ടി.കെ.എം ആർട്സ് & സയൻസ് കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതേണ്ടതാണ്.

പന്തളം എൻ.എസ്.എസ് കോളേജ്, ചേർത്തല എസ്.എൻ കോളേജ് എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ആലപ്പുഴ എസ്.ഡി കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതേണ്ടതാണ്.

തിരുവനന്തപുരം.
05.07.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098